**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1994</u>** **<u>06-07-2022 - ൽ മറുപടിയ്ക്ക്</u>**

**<u>വെസ്റ്റ്കോസ്റ്റ് കനാലിന്റെ നിർമ്മാണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വെസ്റ്റ്കോസ്റ്റ് കനാലിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനം 3 ഘട്ടങ്ങളായി നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുള്ളതിലെ രണ്ടാംഘട്ട പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. 2020-ൽ തീർന്ന ഒന്നാം ഘട്ടത്തിൽ കനാലുക നിലവിലുള്ള വീതിയിൽ ഗതാഗതയോഗ്യമാക്കുകയും കൈയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിക്കുകയും ചെയ്തിരുന്നു. 2022-ൽ തീരുന്ന രണ്ടാം ഘട്ടത്തിൽ പുനരധിവാസം നടപ്പിലാക്ക് കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയ ജലപാതയുടെ അളവിൽ കനാൽ നിർമ്മാണം നടപ്പിലാക്കുന്നതും 2025ത് തീരുന്ന 3–ാം ഘട്ടത്തിൽ ദേശീയ ജലപാതാ നിലവാരത്തിലുള്ള വികസനവും, ഫീഡർ കനാലുകളുടെ വികസനവും ജലപാത ഉപയോഗപ്പെടുത്തിയുള്ള ടൂറിസം വികസനം സാദ്ധ്യമാക്കുന്ന തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും നടപ്പിലാ ക്കുന്നതിന ലക്ഷ്യമിടുന്നു. |
| (ബി) | പ്രസ്തുത ജലപാത ദേശീയ ജലപാതയായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടോ; | (ബി) | കൊല്ലം മുതൽ കോഴിക്കോട് വരെ 328 കി.മീ. ഭാഗം ദേശീയ ജലപാത-3 (National Waterway No.3) ആയി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന്റെ ടൂറിസം, ഗതാഗത മേഖലകൾക്ക് ഊർജ്ജം പകരാൻ കഴിയുന്ന പ്രസ്തുത ജലപാത യാഥാർത്ഥ്യമാക്കുവാൻ എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്ന് അറിയിക്കാമോ; | (സി) | പശ്ചിമതീര കനാൽ വികസനത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടികളും, കുടിയൊഴിപ്പിക്കുന്നവരുടെ പുനരധിവാസനടപടികളും, വെർട്ടിക്കൽ/ ഹൊറിസോണ്ടൽ ക്ലിയറൻസ് ഇല്ലാത്ത പാലങ്ങൾ, ക്രോസ് സ്ട്രക്ചറുകൾ എന്നിവയുടെ പുനർനിർമ്മാണവുമാണ് പൂർത്തീകരി ക്കേണ്ടത്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | കോവളം മുതൽ ആക്കുളം വരെ കനാൽ വീതി കൂട്ടുന്നതിന് സ്വകാര്യ ഭൂമി KIIFB-യുടെ ധനസഹായത്തോടെ ഏറ്റെടുക്കു ന്നതിന് KIIFB LA യൂണിറ്റുമായി ചേർന്ന് സ്ഥലപരിശോധന നടത്തി വരുന്നു. പാർവ്വതീ പുത്തനാറിന് കുറുകെ കരിക്കകം പുത്തൻപാലം, പനത്തുറ എന്നീ സ്ഥലങ്ങളിൽ സ്റ്റീൽ ലാറ്റിസ് ബ്രിഡ്ജുകളുടെ നിർമ്മാണവും കഠിനംകുളം ഭാഗത്ത് സെന്റ് ആൻഡ്രൂസ് ബ്രിഡ്ജിന്റെ പുനർനിർമ്മാണവും നടപ്പിലാക്കി വരുന്നു. ടി ഭാഗത്ത് പാർവ്വതീ പുത്തനാർ വീതിയും ആഴവും കൂട്ടി നവീകരിക്കുന്നതിനും കോവളം, തിരുവല്ലം, വള്ളക്കടവ്, ചാക്ക എന്നിവിടങ്ങളിൽ ബോട്ട് ജെട്ടികൾ സ്ഥാപിക്കുന്നതിനും പാലങ്ങൾ, ഫൂട്ട് ബ്രിഡ്ജുകൾ എന്നിവ സ്ഥാപിക്കുന്നതിനുമായി വിശദമായ പദ്ധതി രേഖ തയ്യാറാക്കി KIIFB-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കോവളം മുതൽ വർക്കല വരെ കനാൽ പാർശ്വങ്ങളിൽ താമസിക്കുന്ന 1275 ഓളം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് KIIFBയുടെ ധനസഹായത്തോടെ 247.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പുനരധിവാസത്തിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്ന് വരുന്നു.<br><br>കോഴിക്കോട് സിറ്റിയിൽ കൂടി കടന്ന് പോകുന്ന ജലപാതയുടെ ഭാഗമായ 11.2 കി.മീ. ദൈർഘ്യമുള്ള കനോലി കനാൽ ജലപാതാ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഏകദേശം 1118 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന "കനോലി കനാൽ വികസന പദ്ധതി" KIIFB ധനസഹായം ലഭ്യമാക്കി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>വടകര മുതൽ മാഹി വരെ വരുന്ന 17.61 കി.മീ. ദൂരത്തിൽ 12 കി.മീ. ദൂരം കനാൽ ജലഗതാഗതയോഗ്യമായിട്ടുണ്ട്. ഒന്നാം റീച്ചിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏകദേശം പൂർത്തിയായി വരുന്നു. ഈ പാതയിൽ വരുന്ന മൂഴിക്കൽ ലോക്കിന്റെയും കരിങ്ങാലിമുക്ക് ലോക്കിന്റെയും വെങ്ങോലി ലോക്ക് കം ബ്രിഡ്ജിന്റെയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. വടകര-മാഹി കനാൽ റീച്ച് - 3 ന്റെ നരിക്കോട്ട് താഴെ മുതൽ കല്ലേരി വരെയുള്ള 3.24 കി.മീ.-ൽ ഉൾപ്പെട്ട 800 മീറ്റർ വരെ ചേരിപ്പോയിൽ ഹൈ കട്ട് ഭാഗം എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് നിർദ്ദേശിച്ചിട്ടുള്ള പുതിയ ഡിസൈൻ സ്വീകരിച്ച് പ്രവൃത്തി പൂർത്തിയാക്കിയാൽ മാത്രമേ വടകര – മാഹി കനാൽ പൂർണ്ണമായി സഞ്ചാര യോഗ്യമാവുകയുള്ളൂ. അതിനായും മൂന്നാം റീച്ചിൽ ഗതാഗത യോഗ്യമാക്കുവാൻ ബാക്കിയുള്ള 2.64 കി.മീ. ഭാഗവും ഉൾപ്പെടുത്തി പുതുക്കിയ DPR |

| | | | | |
|---|---|---|---|---|
| | | | | അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത് പരിശോധിച്ച് വരുന്നു. റീച്ച് അഞ്ചിൽ 3 കി.മീ. ദൂരം കനാൽ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>മാഹി - വളപട്ടണം ഭാഗത്ത് ഏകദേശം 26.5 കിലോമീറ്ററും, നീലേശ്വരം - ബേക്കൽ ഭാഗത്തു 6.5 കിലോമീറ്ററും കനാൽ പുതിയതായി നിർമ്മിക്കേണ്ടതുണ്ട്. ഇതിനായുള്ള പ്രവൃത്തികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ KWIL മുഖേന നടപ്പാക്കി വരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിനായി മാഹി - വളപട്ടണം ഭാഗത്ത് 650 കോടി രൂപയും നീലേശ്വരം - ബേക്കൽ ഭാഗത്തു 189 കോടി രൂപയും KIIFB മുഖേന അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വെ പ്രവൃത്തികളും വാട്ടർ ബാലൻസ് സ്റ്റഡിയും പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ